**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4377** **06-03-2023 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ സംരംഭ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം തുടർന്ന് കൊണ്ടിരിക്കുന്ന ബദൽ വികസന സമീപനത്തിൽ തൊഴിലാളികളുടെ അവകാശങ്ങളും പരിസ്ഥിതി നിയമങ്ങളും സംരക്ഷിക്കുന്നതിന് വ്യവസായ വകുപ്പ് പ്രത്യേകമായ സമീപനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങൾ തൊഴിൽ വകുപ്പും പരിസ്ഥിതി നിയമങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡുമാണ് സംരക്ഷിച്ച് പോരുന്നത്. തൊഴിൽ നിയമങ്ങളും പരിസ്ഥിതി നിയമങ്ങളും പ്രകാരമുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംരംഭകർക്ക് ആവശ്യമായ ശേഷിവികസനവും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായവുമാണ് വ്യവസായ വകുപ്പിന്റെ ഭാഗത്ത് നിന്നും ചെയ്തു വരുന്നത്.<br><br>കേരളത്തിലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിദഗ്ധ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടിക്കൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ വിദഗ്ധരാക്കി മാറ്റുക, തൊഴിലാളികൾക്ക് ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിന് മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യത്തോടെ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഭൗമാതിർത്തിക്കുള്ളിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് കേരള സർക്കാർ ലക്ഷ്യമിടുകയും അതിനനുസരിച്ച് വ്യത്യസ്ത തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ ലക്ഷ്യ പ്രാപ്തിക്കായി മുന്നോട്ടുവരികയും ചെയ്തിട്ടുണ്ട്. നൈപുണ്യ വികസന വ്യവസായ സഹകരണ സംഘങ്ങൾക്ക് വകുപ്പ് വഴി ധനസഹായവും നൽകി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ കരകൗശല വിദഗ്ധർക്കുള്ള വാർദ്ധക്യകാല പെൻഷൻ പദ്ധതിക്ക് സർക്കാർ അനുമതി നൽകുകയും പ്രസ്തുത പദ്ധതി സാമൂഹിക സുരക്ഷാ പദ്ധതിയിൽ പെടുത്തി ജില്ലാ പഞ്ചായത്ത് മുഖേന അനുവദിക്കുവാൻ |

| | | | |
|---|---|---|---|
| | | | ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മേൽ വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ തുക പ്രതിമാസം 75 വയസ്സിനു താഴെ പ്രായമുള്ളവർക്ക് 1100/- രൂപയായും 75 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് 1500/- രൂപയായും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പെൻഷൻ അനുവദിക്കുന്നതിനായി 2851-00-196-50-Block Grant for Revenue Expenditure' എന്ന പദ്ധതിയേതര ശീർഷകത്തിൽ നിന്നും 9.84 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | പ്രാദേശിക സർക്കാരുകളും സഹകരണ മേഖലയും ഏകോപിതമായി സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ സംരംഭക വികസനത്തിൽ ഇടപെടുന്നതിനുള്ള പരിപാടികൾ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വികസനത്തിൽ പ്രാദേശിക സർക്കാരുകളുടെ ഇടപെടൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള ഇന്റേർണുകൾ വഴി ഉറപ്പ് വരുത്തുന്നുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1153 ഇന്റേർണുകളെ നിയമിച്ചിട്ടുണ്ട്. പഞ്ചായത്തുകളിലും നഗരസഭകളിലും വ്യവസായ വികസന പ്രവർത്തനം നടത്തുന്നതിനൊപ്പം വ്യവസായ വികസനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതും ഇന്റേർണിന്റെ ചുമതലയാണ്. ഇതിനായി പഞ്ചായത്ത് കൗൺസിലിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെപ്പറ്റി അവതരിപ്പിക്കുക, പ്രാദേശിക സാമ്പത്തിക വികസന പരിപാടിയിൽ ഉൾപ്പെടുത്താവുന്ന വ്യവസായ പദ്ധതികൾ കണ്ടെത്തുക, ഗ്രാമ/വാർഡ് സഭകളിൽ പങ്കെടുക്കുക, പഞ്ചായത്ത്/നഗരസഭ അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ ട്രെയിനിങ്ങ് നൽകുക, ആഴ്ചയിൽ രണ്ട് ദിവസം ഹെൽപ് ഡെസ്ക് ആയി പ്രവർത്തിക്കുക എന്നീ പ്രവർത്തനങ്ങൾ ഇന്റേർണുകൾ നടപ്പാക്കി വരുന്നു |
| (സി) | വിവിധ ഏജൻസികളെയും ചെറുകിട സംരംഭങ്ങളെയും ഏകോപിപ്പിച്ച് കൊണ്ട് പഞ്ചായത്ത്, മുൻസിപ്പൽ തലത്തിൽ മാസ്റ്റർ പ്ലാനുകളുണ്ടാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും സംവിധാനമുണ്ടാക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിന് വിവിധ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്ത്/ നഗരസഭ തലത്തിൽ മോണിറ്ററിങ്ങ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മറ്റ് മാസ്റ്റർപ്ലാനുകൾ ഒന്നും വ്യവസായ വകുപ്പ് വഴി ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ